I ഇ.ബി. XV - കേരള നിയമസഭ/XII-2

# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 7, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

### കെ. കുട്ടി അഹമ്മദ് കുട്ടി, എം. എം. ലോറൻസ്, കെ. പി. കുഞ്ഞിക്കണ്ണൻ സീതാറാം യെച്ചൂരി എന്നിവരുടെ നിര്യാണം

മുൻ മന്ത്രി കെ. കുട്ടി അഹമ്മദ് കുട്ടി, മുൻ ലോക്സഭാംഗം എം. എം. ലോറൻസ്, മുൻ എം.എൽ.എ. കെ. പി. കുഞ്ഞിക്കണ്ണൻ, സി.പി.ഐ.(എം) ജനറൽ സെക്രട്ടറിയും മുൻ രാജ്യസഭാംഗവുമായ സീതാറാം യെച്ചൂരി എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട

സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## II ചെയർപേഴ്സൺമാരുടെ പാനൽ

സർവ്വശ്രീ ടി. ഐ. മധുസൂദനൻ, ഇ. കെ. വിജയൻ, യു. എ. ലത്തീഫ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: മലപ്പുറം ജില്ലയിൽ സ്വർണ്ണക്കടത്തിലൂടെയും ഹവാല ഇടപാടുകളിലൂടെയും എത്തുന്ന പണം ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതായി ദേശീയ മാധ്യമങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യുതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): എനിക്ക് പ്രത്യേകമായി ഒരു കാര്യം പരാമർശിക്കാനുണ്ട്. സർക്കാരിനോടൊപ്പം ചേർന്ന് പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ ഹനിക്കുന്ന ചെയറിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയതിനെത്തുടർന്ന് ചോദ്യോത്തരവേളയിൽ ഞാൻ നടത്തിയ പരാമർശങ്ങൾ സഭാരേഖയിൽനിന്ന് നീക്കം ചെയ്യുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ഞാൻ നിലവാരമില്ലാത്തയാളാണെന്ന തരത്തിലുള്ള പരാമർശം നടത്തുകയും ബഹുമാനപ്പെട്ട സ്പീക്കർ നിഷ്പക്ഷത പാലിക്കാതെ പെരുമാറുകയും ചെയ്തു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാംഗങ്ങൾ സഭയ്ക്കുള്ളിൽ അനാവശ്യ പരാമർശം നടത്തുന്നത് ആശാസ്യമല്ല. പ്രതിപക്ഷ നേതാവ് ചെയറിനെതിരെ അധിക്ഷേപകരവും നിലവാരമില്ലാത്തതുമായ വാക്കുകൾ

പ്രയോഗിച്ചതിനെത്തുടർന്നാണ് മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പ്രതികരിച്ചത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെക്കുറിച്ച് യാതൊരു വ്യക്തിപരമായ പരാമർശവും ഞാൻ നടത്തിയിട്ടില്ല. പ്രതിപക്ഷ നേതാവ് ചെയറിനെതിരായി നടത്തിയ പരാമർശങ്ങൾ അധിക്ഷേപകരമല്ലായിരുന്നെങ്കിൽ ആയത് രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടിവരുമായിരുന്നില്ല. അദ്ദേഹം അത് വീണ്ടും സാധൂകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ നിലവാരമില്ലാത്ത രീതിയിൽ എല്ലാ പരിധിയും ലംഘിച്ചുകൊണ്ട് പല ഘട്ടങ്ങളിലും ചെയറിനെതിരെ കടുത്ത അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞപ്പോഴാണ് പ്രതിപക്ഷ നേതാവിന്റെ നിലവാരമില്ലായ്മയെക്കുറിച്ച് സൂചിപ്പിക്കേണ്ടിവന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): എന്റെ പ്രസംഗത്തിനിടയിലാണ് ആരാണ് പ്രതിപക്ഷ നേതാവെന്ന് ബഹുമാനപ്പെട്ട ചെയർ ചോദിച്ചത്. നിലവാരമില്ലായ്മയെക്കുറിച്ച് ആവർത്തിച്ച്

സൂചിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രതിപക്ഷത്തെ അവഹേളിക്കുന്നത് ഖേദകരമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രതിപക്ഷ നേതാവ് പറയുന്നത് കേൾക്കാതെ ഡയസിന് മുന്നിലേയ്ക്കുവന്ന പ്രതിപക്ഷാംഗങ്ങളോടാണ് ആരാണ് പ്രതിപക്ഷനേതാവ് എന്ന് ചെയർ ചോദിച്ചത്.

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നതിനെത്തുടർന്ന് പ്രതിപക്ഷ നേതാവ് അവരോട് സീറ്റുകളിൽ പോകാൻ ആവശ്യപ്പെടുകയും ഭൂരിഭാഗം അംഗങ്ങളും അവരവരുടെ സ്ഥാനങ്ങളിൽ പോയതിനുശേഷം പ്രതിപക്ഷ നേതാവ് പ്രസംഗം തുടർന്നപ്പോൾ ഡോ. മാത്യു കുഴൽനാടൻ ചെയറിനുമുന്നിൽനിന്ന് സമാന്തര പ്രസംഗം നടത്തിയ ഘട്ടത്തിലാണ് ആരാണ് പ്രതിപക്ഷനേതാവെന്ന് ചെയർ ചോദിച്ചത്.

(പ്രതിപക്ഷനേതാവിനെ അധിക്ഷേപിച്ചുവെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്ലക്കാർഡുകളും ബാനറും ഉയർത്തിക്കാട്ടി ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യ കമ്പനികൾ തൊഴിൽ നിയമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സ്വകാര്യ കമ്പനിയിലെ ജീവനക്കാരി അന്ന സെബ്സ്റ്റ്യന്റെ മരണം സംബന്ധിച്ചും ഐ.ടി. കമ്പനികളിലെയും കോർപ്പറേറ്റ് സ്ഥാപനങ്ങളിലെയും തൊഴിൽ നിയമങ്ങൾ പാലിക്കാതെയുള്ള അമിത ജോലിഭാരം, പിരിച്ചുവിടൽ ഭീഷണി, തൊഴിൽ അവകാശങ്ങൾ നിഷേധിക്കൽ എന്നിവ സംബന്ധിച്ചും നിഷ്പക്ഷമായി അന്വേഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം സ്വദേശിനി അന്ന സെബാസ്റ്റ്യൻ, ഏണസ്റ്റ് ആൻഡ് യംങ് കമ്പനിയുടെ പൂനെയിലുള്ള ഓഫീസിൽ ജോലി ചെയ്തുവരവെ താമസസ്ഥലത്ത് കുഴഞ്ഞുവീണതിനെത്തുടർന്ന് 21.07.2024-ന് മരണപ്പെടുകയുണ്ടായി. അമിതജോലിഭാരം കാരണം സമ്മർദ്ദം അനുഭവിക്കുന്നതായി സൂചിപ്പിച്ചുകൊണ്ട് കമ്പനി ചെയർമാന് അന്ന അയച്ച കത്തിന്മേൽ അന്വേഷണം നടത്താമെന്ന് കമ്പനി അധികൃതർ ഉറപ്പുനൽകിയിരുന്നതായി അറിവായിട്ടുണ്ട്. മരണത്തിൽ ദുരൂഹതയൊന്നും

കണ്ടെത്തിയിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. വിശ്രമമില്ലാത്ത ജോലിയും പിരിച്ചുവിടൽ ഭീഷണിയും തൊഴിലവകാശങ്ങളുടെ നിഷേധവും ഐ.ടി. രംഗമുൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ ഉണ്ടെന്നുള്ള ആക്ഷേപമുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളുമായി ഒപ്പുവച്ചിട്ടുള്ള പാട്ടക്കരാറിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ തൊഴിൽനിയമങ്ങളും പാലിച്ചിരിക്കണമെന്ന നിബന്ധന പാലിക്കാത്തപക്ഷം ജീവനക്കാർക്ക് നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ തേടാനും കഴിയും. നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## V സബ്മിഷൻ

### (1) ദേവപ്പാറ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം

ശ്രീമതി ശാന്തകുമാരി. കെ.: കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ദേവപ്പാറ കരിങ്കൽ ക്വാറി എത്രയുംവേഗം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(സർവ്വശ്രീ. സി. എച്ച്. കുഞ്ഞമ്പു, ഇ. ടി. ടൈസൺ മാസ്റ്റർ, കെ. എൻ. ഉണ്ണികൃഷ്ണൻ, പി. പി. സുമോദ്, ജോബ് മൈക്കിൾ, പി. മമ്മിക്കുട്ടി എന്നീ അംഗങ്ങളുടെ സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## VI മേശപ്പുറത്തുവച്ച കടലാസുകൾ:

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

(പ്രതിപക്ഷ ബഹളം തുടരുന്നതിനിടെ പ്രതിപക്ഷാംഗങ്ങളിൽ ചിലർ ഡയസിൽ കയറി പ്രതിഷേധിക്കുകയും വാച്ച് ആൻഡ് വാർഡുമായി ഉന്തും തള്ളും ഉണ്ടാകുകയും ചെയ്തു.)

## VII റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അൻപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

## VIII റിപ്പോർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഭേദഗതിയോടുകൂടി അംഗീകരിച്ചു.

## IX നിയമനിർമ്മാണകാര്യം:

താഴെപ്പറയുന്ന ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഭേദഗതികൾ അവതരിപ്പിച്ചില്ല.

2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ രാവിലെ 10.39-ന് പിരിഞ്ഞു)

**********